# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം
# 2020 മാർച്ച് 03, ചൊവ്വ
# നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.402

**ചോദ്യം** **മറുപടി**

ശ്രീ. കെ.സി. ജോസഫ്

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**മഹാത്മാഗാന്ധി യൂണിവേഴ്സിസിറ്റിയിൽ നിന്നും കൈപ്പറ്റിയ അഡ്വാൻസ് തുക**

| ചോദ്യം | ഉത്തരം |
|---|---|
| (എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും ഉൾപ്പെടെയുള്ള ജീവനക്കാർ യൂണിവേഴ്സിറ്റിയിൽ നിന്നും കൈപ്പറ്റിയ അഡ്വാൻസ് തുക തിരിച്ചടച്ചിട്ടില്ലെന്ന വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>ബി) എന്നുമുതലുള്ള അഡ്വാൻസ് തുകയാണ് തിരിച്ചടക്കാനുള്ളതെന്നും ആകെ എത്ര രൂപ ഇപ്രകാരം തിരിച്ചടക്കാനുണ്ടെന്നും വെളിപ്പെടുത്തുമോ; | സർവ്വകലാശാലയിലെ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും പേരിൽ അടിയന്തിര ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി 2011 മുതൽ 2019 നവംബർ വരെ മുൻകൂർ തുകയായി അനുവദിച്ചതിൽ രൂപ: 2,51,19,194/-(രണ്ട് കോടി അമ്പത്തിയൊന്ന് ലക്ഷത്തി പത്തൊമ്പതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റിനാല് രൂപ മാത്രം)-യുടെ അക്കൗണ്ടുകൾ വിനിയോഗം ക്രമീകരിക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. ടി തുക അനുവദിച്ച ആവശ്യങ്ങൾക്കായി ചെലവഴിച്ച് കഴിഞ്ഞതും ക്രമീകരണ പ്രക്രിയ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചു വരുന്നതുമാണ്. ചട്ടങ്ങൾ പ്രകാരം തുക ക്രമീകരിക്കുന്നതിന് മതിയായ കാരണം കൂടാതെ കാലതാമസം വരുത്തുന്നവരിൽ നിന്നും ക്രമീകരണ വേളയിൽ 18% പിഴപ്പലിശ ഈടാക്കുന്നുണ്ട്. |

| | |
|---|---|
| | വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നിവരുടെ പേരിൽ മുൻകൂർ തുകകൾ അനുവദിക്കാറില്ല. ഇവര് അദ്ധ്യാപകർ ആയിരുന്ന കാലഘട്ടത്തിൽ അനുവദിച്ചിട്ടുള്ള മുൻകൂർ തുകകൾ ചട്ടപ്രകാരം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. പ്രത്യേക ആവശ്യങ്ങൾക്കായി അനുവദിച്ച തുകകൾ ടി ആവശ്യങ്ങൾക്കായി ചിലവഴിച്ചിട്ടുള്ളതാണ്. ആവശ്യം കഴിഞ്ഞ് മിച്ചം വന്ന തുകകൾ സർവ്വകലാശാല ഫണ്ടിലേയ്ക്ക് തിരിച്ച് അടയ്ക്കാറുണ്ട്. ധനവിനിയോഗം ക്രമീകരിക്കുന്ന വേളയിൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അനുവദനീയമല്ലാത്ത തുകകൾ തിരികെ ഈടാക്കുന്നുണ്ട്. |
| സി) അഡ്വാൻസ് തുക കൈപ്പറ്റിയാൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ചെലവാക്കാത്ത തുകയും എത്ര കാലാവധിക്കുള്ളിൽ തിരിച്ചടക്കണമെന്നാണ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്; | മൂന്ന് മാസം. സവിശേഷ സാഹചര്യങ്ങളിൽ കാര്യനിർവ്വഹണത്തിന് അധിക സമയം ആവശ്യമെങ്കിൽ അനുവദിച്ചു നൽകാറുണ്ട്. |
| ഡി) ചെലവാക്കാത്ത പണം ഇവരിൽ നിന്നും തിരിച്ചു പിടിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ? | ചെലവഴിക്കാത്ത പണം സർവ്വകലാശാല ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ട്. |

**സെക്ഷൻ ഓഫീസർ**